(സി) വിരുപ്പുകൃഷിക്കും, മുണ്ടകൻ കൃഷിക്കും കാലാവസ്ഥയുടെ പ്രതികൂലം കാരണം ഫാം പ്രൊഡക്ഷൻ പ്ലാൻ അനുസരിച്ച് കൃഷിയിറക്കാൻ കൃഷിക്കാർ വിമുഖരായിരിക്കുന്നു. പുഞ്ച കൃഷിക്ക് മിക്കവാറും എല്ലാ കൃഷിക്കാരും ഡിപ്പാർട്ടുമെന്റിന്റെ ശുപാർശ സ്വീകരിക്കാറുണ്ട്.

ക്ഷയരോഗികൾക്ക് സാമ്പത്തികസഹായം

* 232. [24] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ക്ഷയരോഗികൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള പരിപാടിക്ക് ഈ സാമ്പത്തികവർഷം നീക്കിവച്ചിട്ടുള്ള തുക എത്ര ;

(ബി) ഇതനുസരിച്ച് എത്ര ക്ഷയരോഗികൾക്ക് ഈ വർഷം സാമ്പത്തികസഹായം നൽകി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) രണ്ടുലക്ഷം രൂപ.

(ബി) ചിലർക്ക് സാമ്പത്തികസഹായം അനുവദിച്ചുകഴിഞ്ഞു. തുക നൽകാൻ നടപടികൾ ത്വരിതഗതിയിൽ എടുത്തുവരുന്നു.

പുതിയ ഡിസ്പെൻസറികൾ

* 233. [25] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പുതിയതായി ഗവണ്മെന്റ് ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ ഇപ്പോഴുള്ള ഗവണ്മെന്റ് ഡിസ്പെൻസറികൾക്ക് പ്രയോജനമില്ലാതെ കൊടുക്കുന്ന കാര്യം ആലോചിക്കുമോ ;

(ബി) കോട്ടയം ഡിസ്ട്രിക്ടിലെ എരുമേലി, കാളകെട്ടി, കൂട്ടിക്കൽ പെരുവ, കല്ലാർ, വണ്ടന്മേട്, ശാന്തമ്പാറ ഈ മൈവീക്കിലി ഡിസ്പെൻസറികൾ എത്രയും വേഗം ഗവണ്മെന്റ് ഡിസ്പെൻസറികൾ ആക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) പുതിയതായി ഡിസ്പെൻസറികൾ ഓരോ ഡിസ്ട്രിക്ടിലേക്കും അനുവദിക്കുമ്പോൾ സ്ഥലനിർണ്ണയം ചെയ്യുന്നത് ഡിസ്ട്രിക്റ്റ് ഡെവലപ്പുമെന്റ് കൗൺസിലാണ്. അപ്പോൾ മൈവീക്കിലി ഡിസ്പെൻസറികൾ റഗുലർ ആക്കുന്ന കാര്യം കൗൺസിലിൽ പരിഗണിക്കാവുന്നതാണ്,

(ബി) എരുമേലിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതു തുറക്കുമ്പോൾ നിലവിലുള്ള മൈവീക്കിലി ഡിസ്പെൻസറി നിറുത്തലാക്കുന്നതാണ്. കൂട്ടിക്കൽ, പെരുവ, വണ്ടന്മേട് എന്നീ മൈവീക്കിലിഡിസ്പെൻസറികൾ റഗുലർ ആക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ട്. കാളകെട്ടി, കല്ലാർ, ശാന്തമ്പാറ എന്നിവ എത്രയും വേഗം ഡിസ്പെൻസറികളാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

റേഡിയോഗ്രാഫർ തസ്തിക

* 234. [30] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോഗ്രാഫേഴ്സ് ടെയിനിംഗ് കോഴ്സിനുവേണ്ടി സി. ആർ. എ. ഒരു റേഡിയോഗ്രാഫറിന്റെ തസ്തിക ഗവണ്മെന്റ് സൃഷ്ടിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly